# നടുവട്ടം വി എച്ച് എസ്സ് എസ്സ്
# പള്ളിപ്പാട്



school code:35026

NCC
NSS
LITTLE KITES
JRC

കലോൽസവ പരിശീലനം

ശാസ്ത്രോൽസവ പരിശീലനം

കായിക ഇനങ്ങൾക്ക് ചിട്ടയായ പരിശീലനം

വിദ്യാഭ്യാസ ജില്ല
ആലപ്പുഴ

ഉപജില്ല
ഹരിപ്പാട്

മാനേജർ
പി.കെ.ഗോപിനാഥൻ നായർ

പ്രിൻസിപ്പൽ
എസ്.രമാദേവി

ഹെഡ്മിസ്ട്രസ്സ്
ഇന്ദു.ആർ.ചന്ദ്രൻ

പി.ടി.എ പ്രസിഡന്റ്
സാജൻ പനയറ

സ്കൂൾ ലീഡർ
ദേവനാരായണൻ

| SL.NO | ഉള്ളടക്കം | Page |
|---|---|---|
| 1 | ചരിത്രം | 6 |
| 2 | ക്ളബ്ബുകൾ | 8 |
| 3 | ലിറ്റിൽ കൈറ്റ്സ് | 9 |
| 4 | എൻ സി സി | 12 |
| 5 | എൻ എസ് എസ് | 14 |
| 6 | ജെ ആർ സി | 17 |
| 7 | വിദ്യാരംഗം | 18 |
| 8 | സോഷ്യൽ സയൻസ് ക്ലബ്ബ് | 20 |
| 9 | സയൻസ് ക്ലബ്ബ് | 21 |
| 10 | ഗണിത ക്ലബ്ബ് | 22 |
| 11 | പരിസ്ഥിതി ക്ലബ്ബ് | 24 |
| 12 | ആർട്സ് ക്ലബ്ബ് | 25 |
| 13 | ലഹരി വിരുദ്ധ ക്ലബ്ബ് | 26 |
| 14 | ടീൻസ് ക്ലബ്ബ് | 28 |
| 15 | സംസ്കൃത ക്ലബ്ബ് | 29 |
| 16 | സ്പോർട്സ് ക്ലബ്ബ് | 30 |
| 17 | ചെറുകഥ | 34 |
| 18 | കവിത | 35 |
| 19 | പെൻസിൽ ചിത്രങ്ങൾ | 36 |
| 20 | പഠനയാത്ര | 38 |
| 21 | പി ടി എ | 39 |

# EDITORIAL BOARD



ASHER SAM GEORGE

**CHIEF EDITOR**


## SUB EDITORS



ALWIN RINU RAJU
9B



ANAGHA PRADEEP
9C



KASINATH R
9B



SACHIN SAIJU 9A



RICHA GRACE BIJU
8B



JOEL JACOB 9D



PRATHUL J NAIR
9A



SIVA SANKAR
9B



AKASH R
9B

# വഴികാട്ടി

**ഹരിപ്പാട് പള്ളിപ്പാട് റോഡിൽ നിന്ന് കിഴക്കോട്ട് RJ റോഡിലേക്ക് പോകുക (2.8km)**
**കുരീക്കാട് കവലയിൽ നിന്നും പള്ളിപ്പാട് – മുട്ടം റോഡിലേക്ക വലത്തേക്ക് തിരിയുക (850m)**
**നടുവട്ടം ജംക്ഷനിന്ന് നിന്നും നടുവട്ടം സ്കൂൾ റോഡിലേക്ക് വലത്തേക്ക് തിരിയുക (150m)**






# സ്വാഗതം

# സ്കൂളിന്റെ സാരഥികൾ



പി കെ ഗോപിനാഥൻ നായർ
(സ്കൂൾ മാനേജർ)



രമാദേവി എസ്
(പ്രിൻസിപ്പൽ)



ഇന്ദു ആർ ചന്ദ്രൻ
(ഹെഡ്മിസ്ട്രസ്സ്)



സാജൻ പനയറ
പി.ടി.എ പ്രസിഡന്റ്



ദേവനാരായണൻ
സ്കൂൾ ലീഡർ

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിൽ ഹരിപ്പാട്ടു നിന്നും 3.5 കി.മീ.കിഴക്ക് പള്ളിപ്പാട് ഗ്രാമപഞ്ചായത്തിലാണ് നടുവട്ടം.വൊക്കേഷണൽ ഹയർ സെക്കണ്ടറിസ്കൂൾ സ്ഥിതിചെയ്യുന്നത്.പള്ളിപ്പാട് ഗ്രാമത്തിന്റെ വിദ്യാഭ്യസ മണ്ഡലത്തിലെ തിലകക്കുറിയാണ് അനേകായിരങ്ങൾക്ക് അക്ഷരപുണ്യം പകർന്ന് നൽകിയ ഈ സരസ്വതീ ക്ഷേത്രം

## ചരിത്രം

ആലപ്പുഴ ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിൽഒന്നാണ് നടുവട്ടംസ്കൂൾ.വിദ്യാഭ്യാസം മാനുഷികമൂല്യങ്ങൾ വളർത്തിയെടുക്കും എന്നു വിശ്വസിച്ച ദേശസ്നേഹവും ത്യാഗമനോഭാവവും കൈമുതലായി ഉണ്ടായിരുന്ന ഏതാനും മഹാത്മക്കളുടെ പ്രവർത്തനഫലമായി ഉണ്ടായതാണ്ഈ സ്ഥാപനം.നമ്മുടെ നാടിന്റെ സാമൂഹ്യചരിത്രത്തിന്റെ നാൾവഴിയിൽ അജ്ഞതയുടെ അന്ധകാരത്തിലാണ്ടുകിടന്ന ഒരു ജനതയെ പുരോഗതിയുടേയും ഐശ്വര്യത്തിന്റേയും പന്ഥാവിലേക്ക് കൈപിടിച്ചുയർത്താൻ അനേകം പുണ്യാത്മാക്കൾ ത്യാഗപൂർണ്ണമായ സേവനങ്ങൾ സ്വയം സമർപ്പിക്കപ്പെട്ടിട്ടുണ്ട്.ആ സുകൃതികളുടെ സ്മരണകൾക്ക് മുൻപിൽ നമസ്ക്കരിക്കുന്നു. സാധാരണക്കാരായ ഇന്നാട്ടുകാർക്ക്, വിദ്യഭ്യാസസൗകര്യം ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിലാണ് ഇരട്ടക്കുളങ്ങരക്ഷേത്രത്തിനു കിഴക്കുവശത്തായി"നടേവാലേൽ"സ്ക്കൂൾ എന്നപേരിൽ അറിയപ്പെട്ട നായർസമാജം പ്രൈമറി സ്ക്കൂൾസ്ഥാപിക്കപ്പെടുന്നത്. 1947 ൽഇതിന്റെ എൽ.പി വിഭാഗം സർക്കാരിലേക്ക് വിട്ടുകൊടുക്കുകയും യു.പി വിഭാഗം ക്ഷേത്രത്തിനുപടിഞ്ഞാറു ഭാഗത്തുണ്ടായിരുന്ന നമ്പുവിളകൊട്ടാരത്തിലേക്ക് മാറ്റപ്പെടുകയുംചെയ്തു, ഇവിടെ പകുതികച്ചേരി പ്രവർത്തിച്ചിരുന്നതായി ചരിത്രത്തിൽരേഖപ്പെടുത്തിയിട്ടുണ്ട്.ഈസ്ക്കൂൾ1966-ൽഹൈസ്ക്കൂളായും1997-ൽ വൊക്കേഷണൽ ഹയർസെക്കന്ററി സ്ക്കുളായുംഉയർത്തപ്പെട്ടു.2002 മുതൽ സ്ക്കുളിനോട് അനുബന്ധിച്ച് സ്വാശ്രയ ഹയർസെക്കണ്ടറി വിഭാഗവും പ്രവർത്തിക്കുന്നുണ്ട്.

## മാനേജ്മെന്റ്

നടുവട്ടം 98-ാംനമ്പർ N.S.S കരയോഗമാണ് ഈ സ്ക്കുളിന്റെ ഉടമസ്ഥർ.കരയോഗാഗംങ്ങൾ തെരഞ്ഞെടുക്കുന്ന പ്രസിഡൻറ് ,വൈസ് പ്രസിഡന്റ്,സെക്രട്ടറി, ജോ:സെക്രട്ടറി,ഖജാൻജി എന്നിവരടങ്ങിയ ഒൻപതംഗ കമ്മിറ്റിയാണ് കരയോഗഭരണംനടത്തുന്നത്.കരയോഗം പ്രസിഡൻറ് ആണ് സ്ക്കൂൾ മാനേജരായി വരുന്നത്.പടിഞ്ഞാറെകളീക്കൽ പി.കെ.ഗോപിനാഥൻനായർ ആണ് നിലവിൽ സ്ക്കൂൾ മാനേജർ.

## പി.ടി.എ

സ്ക്കൂളിന്റെ സമഗ്രമായ പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു.ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് മാനേജ് മെന്റിനും,പാഠ്യ-പാഠ്യേതരപ്രവർത്തനങ്ങളിൽ അധ്യപകർക്കും പിന്തുണ നൽകി കൊണ്ട് മാതൃകപരമായപ്രവർത്തനം നടത്തുന്നു. ശ്രീ.സാജൻ പനയറ ആണ് പി.ടി.എ യുടെ പ്രസിഡന്റ്

## ഭൗതികസൗകര്യങ്ങൾ

1.മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്ക്കൂളിന് 5 കെട്ടിടങ്ങളിലായി 26 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി 6 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്.യു.പി വിഭാഗത്തിനും ഹൈസ്ക്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. മൂന്ന് ലാബുകളിലുമായി ഏകദേശം മുപ്പതോളം കമ്പ്യൂട്ടറുകളുണ്ട്. മൂന്ന് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.വിദ്യാർത്ഥികൾക്ക് പ്രയോജനപ്രദമായരീതിയിൽ 20 ഹൈടെക് ക്ലാസ് മുറികൾ സജ്ജീകരിച്ചിട്ടുണ്ട്.കുട്ടികളിലെ ശാസ്ത്രാഭിരുചികളെ പരിപോഷിപ്പിക്കുന്നതിനായി മികച്ച രീതിയിൽ സയൻസ് ലാബുകൾ പ്രവർത്തിക്കുന്നു.വായനയുടെ ലോകത്തേക്ക് കുട്ടികളെ സ്വാഗതം ചെയ്തുകൊണ്ട് സ്ക്കൂൾ ഗ്രന്ഥശാല മാതൃക പരമായ പ്രവർത്തനമാണ് കാഴ്ചവെക്കുന്നത്.

## പൂർവ്വ വിദ്യാർത്ഥി സംഘടന "വരദ"

നമ്മുടെ വിദ്യാലയത്തിന്റേയും, നാടിന്റേയും അഭിവൃദ്ധിയും, ഐശ്വര്യവും, ക്ഷേമവും ലക്ഷ്യമാക്കി 2003 ഏപ്രിൽ 6ന് രൂപീകൃതമായ സ്ക്കൂളിലെ പൂർവ്വ വിദ്യാർത്ഥികളുടെ സംഘടനയാണ് വരദ.വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായങ്ങളും,അവാർഡുകളും നൽകി പ്രോൽസാഹിപ്പിക്കുന്നു.കേരളത്തിന്റ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ മണ്ഡലങ്ങളിലെ സമഗ്ര സംഭാവനക്കുള്ള "ഏ.പി.ഉദയഭാനു സ്മാരക വരദ പുരസ്ക്കാരം" ശ്രേഷ്ഠ വ്യക്തിത്വങ്ങളെ കണ്ടെത്തി നൽകി വരുന്നു



LIBRARY & READING ROOM



**കഴിഞ്ഞ SSLC പരീക്ഷയിൽ നമ്മുടെ വിദ്യാലയം 100% വിജയത്തോടൊപ്പം 26 ഫുൾ A+ കളും നേടി**



SSLC AWARD 2023

# ക്ലബ്ബുകൾ

*LITTLE KITES

*N.C.C

*N.S.S

*JUNIOR RED CROSS

*VIDYARANGAM

*SOCIAL SCIENCE CLUB

*SCIENCE CLUB

*MATHS CLUB



*ECO CLUB

*SPORTS CLUB

*ARTS CLUB

*ANTI DRUGS CLUB

*TEENS CLUB

*SANSKRIT CLUB

# ലിറ്റിൽ കൈറ്റ്സ്



2023 ഓഗസ്റ്റ് 9 ന് സ്വതന്ത്ര സോഫ്റ്റ്‌വെയർ വിജ്ഞാനോത്സവത്തോടനുബന്ധിച്ച് ലിറ്റിൽ കൈറ്റ്സ് പ്രത്യേക അസംബ്ളിയും റോബോട്ടിക്സ് പ്രദർശനവും ഡിജിറ്റൽ പോസ്റ്റർ നിർമ്മാണ മത്സരവും നടത്തി.

## ലിറ്റിൽ കൈറ്റ്സ് സ്ക്രൂൾ ക്യാമ്പ്_2023 സെപ്റ്റംബർ 1

ഹരിപ്പാട്:

ഹരിപ്പാട് വിദ്യാഭ്യാസ ജില്ലയിലെ നടുവട്ടം വി.എച്ച്.എസ്സ്. സ്ക്രൂളിൽ 2022-25 ബാച്ച് ലിറ്റിൽകൈറ്റ്സ് ഏകദിന സ്ക്രൂൾക്യാമ്പ് നടത്തി.  കൈറ്റിന്റെ നേതൃത്വത്തിൽ പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപകർ ക്ലാസ്സ് നയിച്ചു


നടുവട്ടം സ്ക്രൂളിലെ ഏകദിന ക്യാമ്പിന് സ്ക്രാച്ച് പ്രോഗ്രാം ഉപയോഗിച്ച് തയ്യാറാക്കുന്ന റിഥം കമ്പോസർ, പൂക്കള നിർമ്മാണം. ദ്വിമാന ആനിമേഷൻ സോഫ്റ്റ്‌വെയറായ ഓപ്പൺ ടൂൺസ് ഉപയോഗിച്ച് തയ്യാറാക്കുന്ന ആനിമേഷൻ റീലുകൾ,ജിഫുകൾ,ഓണവുമായി ബന്ധപ്പെട്ട പ്രൊമോഷൻ വീഡിയോകൾ തയ്യാറാക്കൽ എന്നിവയായിരുന്നു പ്രധാന പ്രവർത്തനങ്ങൾ. ക്യാമ്പിലെ പ്രവർത്തനങ്ങളുടെ തുടർച്ചയായി ഓരോ അംഗവും അസൈൻമെന്റ് തയ്യാറാക്കി സമർപ്പിച്ചു. ക്യാമ്പിലെ പ്രവർത്തനങ്ങൾ വിലയിരുത്തി മികച്ച പ്രവർത്തനങ്ങൾ ചെയ്തവരെ നവമ്പറിൽ നടന്ന ഉപജില്ലാ ക്യാമ്പിൽ പങ്കെടുപ്പിച്ചു.ആനിമേഷൻ,പ്രോഗ്രാമിംഗ് മേഖലകളിലെ പ്രവർത്തനങ്ങളാണ് ഉപജില്ലാ ക്യാമ്പിൽ ചിട്ടപ്പെടുത്തിയത്.



PRATHUL, ASHER







ALLEN SYMON





LK MEMBERS
ASSISTING AJESH

ROBOTICS EXHIBITION





Asher,Sivasankar

CYBER SECURITY
AWARENESS
PROGRAMME
FOR
MOTHERS






Naduvattom VHSS
Pallippad
Sub District IT Fair
WEB PAGE DESIGN
SCRATCH PROGRAM
ANUKRISHNAN.N
SAYOOJ.M. SANDEEP
First A Grade
Second A Grade
Congratulations
IT CLUB


NADUVATTOM VHSS
PALLIPPAD
congratulations
JOEL JACOB 9D
selected to
LK District Camp
ANIMATION


NADUVATTOM VHSS PALLIPPAD
SPECIAL
ASSEMBLY
BY
LITTLE KITES
AUGUST 9 WEDNESDAY
freedom fest 2023


freedom fest-2023
AUGUST 8 ,11am
freedom fest 2023
VHSS,

# N.C.C

എൻ .സി .സി യൂണിറ്റിന്റെ നേതൃത്വത്തിൽ ജൂൺ 5 ന് പരിസ്ഥിതി ദിനം, സ്കൂൾ പരിസരത്ത് ഫലവൃക്ഷ തൈകൾ നട്ടു കൊണ്ട് പ്രഥമാദ്ധ്യാപിക ഉദ്ഘാടനം ചെയ്തു. എൻ .സി .സി കുട്ടികളുടെ ആഭിമുഖ്യത്തിൽ അന്തർദേശീയ യോഗാ ദിനം ആചരിച്ചു. അന്നേ ദിവസം പൂർവാധ്യാപിക ആയിരുന്ന മായ ടീച്ചറുടെയും മുൻ എൻ .സി .സി ഓഫീസറായ ബിന്ദു ടീച്ചറുടേയും





നേതൃത്വത്തിൽ എൻ .സി .സി കുട്ടികൾക്ക് യോഗ പ്രദർശനം നടത്തി. കൂടാതെ സ്കൂൾ തല യോഗ പ്രദർശനത്തിൽ എൻ .സി .സി കുട്ടികൾ പങ്കാളികളായി.

ജൂൺ 28 ന് എൻ .സി .സി ബോയ്സിന്റെ റിക്രൂട്ട്മെന്റും ഉം, ജൂലൈ 13 ന് എൻ .സി .സി ഗേൾസിന്റെ റിക്രൂട്ട്മെന്റ് റാലിയും ഉണ്ടായി. ആദ്യ വർഷ കേഡറ്റുകൾക്കുള്ള എൻ .സി .സി പരേഡുകൾ ജൂലൈ 18, 19 തീയതികളിൽ ആരംഭിച്ചു.

ആഗസ്റ്റ് 15 ന് സ്കൂൾ തലത്തിൽ നടത്തിയ സ്വാതന്ത്ര്യ ദിന പരേഡിലും അന്നേ ദിവസം നടത്തപ്പെട്ട ഘോഷയാത്രയിലും എൻ .സി .സി കുട്ടികൾ പങ്കെടുക്കുകയുണ്ടായി.

ഒക്ടോബർ 2 ന് സ്വച്ഛ് ഭാരത് അഭിയാന്റെ ഭാഗമായി എൻ .സി .സി കുട്ടികൾക്കായി ചിത്രരചന മത്സരവും പോസ്റ്റർ നിർമ്മാണവും സംഘടിപ്പിച്ചു. ലഹരി വിരുദ്ധ ദിനത്തോട് അനുബന്ധിച്ച് എൻ .സി .സി നേതൃത്വത്തിൽ ലഹരി വിരുദ്ധ സൈക്കിൾ റാലി സംഘടിപ്പിച്ചു. സബ് ജില്ലാ യുവജനോത്സവത്തിന് വേദികളിലും ഭക്ഷണശാലയിലും എൻ .സി .സി കുട്ടികളെ ഡ്യൂട്ടിക്ക് നിയോഗിക്കുകയുണ്ടായി. ജനുവരി 26 ന് പരേഡിൽ എൻ .സി .സി കുട്ടികളുടെ പരേഡ് സംഘടിപ്പിച്ചു.

ഈ കഴിഞ്ഞ SSLC പരീക്ഷയിൽ 47 ആൺകുട്ടികളും 50 പെൺകുട്ടികളും ഗ്രേസ് മാർക്കിന് അർഹരായി.

2021 മെയ് 21 മുതൽ 30 വരെ KSMDB കോളേജ് ശാസ്താംകോട്ട, SMHSS പതാരം, ATC എന്നിവിടങ്ങളിൽ 25 വീതം കുട്ടികളെ ക്യാമ്പിൽ പങ്കെടുപ്പിക്കുകയുണ്ടായി. തുടർന്ന് ഓണത്തിന് നടന്ന CATE ക്യാമ്പിലും 11 ആൺകുട്ടികളേയും 21 പെൺകുട്ടികളെ ജോൺ കെന്നഡി HS കരുനാഗപ്പള്ളിയിലും അടൂർ പോലീസ് ക്യാമ്പിലും പങ്കെടുപ്പിച്ചു. ഡിസംബർ മാസം നടന്ന CATE ക്യാമ്പിൽ 14 ആൺകുട്ടികളും പെൺകുട്ടികളും പങ്കെടുത്തു.




GPS Map Camera
Pallippad, Kerala, India
7F6H+X2, Pallippad, Kerala 690511, India
Lat 9.26268°
Long 76.476795°
22/01/24 05:27 PM GMT +05:30


Naduvattom VHSS, Pallippad


സഹപാഠിക്ക് ഒരു
സ്നേഹവീട്
കട്ടിളവെയ്പ്കർമ്മം
മുഹൂർത്തം: 2023 ഡിസംബർ 7
(1199 വൃശ്ചികം 21) വ്യാഴം
രാവിലെ 8.30 നും 09:00 നും മദ്ധ്യേ
ഏവരുടെയും പ്രാർത്ഥനയും, സാന്നിദ്ധ്യവും,
സഹകരണവും ഉണ്ടാകുമെന്ന
പ്രതീക്ഷയോടെ

# NSS






വട്ടം വി എച്ച് എസ്
നാഷണൽ സർവ്വീസ് സ്കീം
സ്നേഹവീട്
ശിലാസ്ഥാപന കർമ്മം
10/11/2023

നാഷണൽസർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ നിരവധി പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.കോവിഡ് മഹാമാരിയിൽ ആശ്വാസമായി കോവിഡ് പോസിറ്റീവ് ആയവരുടേയും ക്വാറന്റൈനിൽ കഴിയുന്നവരുടേയും വീടുകളിലേക്കാവശ്യമായ ഭക്ഷ്യകിറ്റുകളും പച്ചക്കറികളും നൽകി. ജനന മരണ രജിസ്ട്രേഷന് സഹായിക്കുന്നതിനായി എൻ.എസ്.എസ് വോളന്റിയർമാരുടെ നേതൃത്വത്തിൽ ടെലി ഹെൽപ്പ് ഡസ്ക് സംഘടിപ്പിക്കുവാൻ കഴിഞ്ഞു. ഇതിലൂടെ 150 ൽ അധികം ആളുകൾക്ക് രജിസ്ട്രേഷൻ നൽകാൻ കഴിഞ്ഞു .




ജീവനം ജീവധനം പദ്ധതിയുടെ ഭാഗമായി കുട്ടികൾക്ക് മുട്ടക്കോഴി വിതരണം നടത്തി.

സ്ത്രീ ചൂഷണത്തിനും ലിംഗവിവേചനത്തിനുമെതിരെ വോളന്റിയർമാരുടെ ആഭിമുഖ്യത്തിൽ തെരുവു നാടകം സംഘടിപ്പിച്ചു.

സൗജന്യ ആയുർവേദ ക്യാമ്പ് , ഹരിപ്പാട് താലൂക്ക് ഹോസ്പിറ്റലിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഭക്ഷണപ്പൊതി വിതരണം ചെയ്തു. നാഷണൽസർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ മറ്റ് നിരവധി പരിപാടികളും സംഘടിപ്പിച്ചുവരുന്നു.





# ഭിന്നശേഷി സൗഹൃദ വിദ്യാലയം





# JUNIOR RED CROSS

**ജീവകാരുണ്യ പ്രവർത്തന സംഘടനയായ ജൂനിയർ റെഡ് ക്രോസ് നമ്മുടെ സ്കൂളിൽ 2014 -ൽ ആരംഭിച്ചു.**



8,9,10 ക്ലാസ്സുകളിലെ കുട്ടികളെ ചേർത്ത് കൊണ്ട് JRC പ്രവർത്തനങ്ങൾ സേവനം എന്ന ലക്ഷ്യത്തോടെ മുന്നോട്ടു പോകുന്നു... ഈ വർഷം എട്ടാം ക്ലാസ്സിൽ 24കുട്ടികളും ഒൻപതാം ക്ലാസ്സിൽ 9കുട്ടികളും പത്താംക്ലാസ്സിൽ13 കുട്ടികളും JRCകേഡറ്റ്സ് ആയി, A, B, C ലെവൽ പരീക്ഷകൾ എഴുതി വിജയിച്ചു.

JRC സ്കൂൾ തല പ്രവർത്തനങ്ങൾ ഈ വർഷവും നല്ല രീതിയിൽ നടന്നു..
സ്കൂളിൽ നടന്ന ദിനാഘോഷങ്ങളിൽ JRC കേഡറ്റ്സ് പങ്കെടുത്തു.
ജൂൺ 5 പരിസ്ഥിതി ദിനത്തിൽ തൈകൾ നട്ടും ഹിരോഷിമ ദിനത്തിൽ യുദ്ധവിരുദ്ധ പ്രതിജ്ഞ എടുത്തും ലഹരിവിരുദ്ധ പ്രവർത്തനങ്ങളിലും JRC കേഡറ്റ്സ് അവരുടേതായ പങ്കു വഹിച്ചു.
Aug 15 നോട് അനുബന്ധിച്ച ദേശഭക്തി ഗാന മത്സരത്തിലും, JRC ക്വിസിലും.. സ്കൂൾ തലത്തിലും ഉപ ജില്ലാ തലത്തിലും പങ്കാളികൾ ആയി.
8,9,10 ക്ലാസ്സുകളിലെ JRC കേഡറ്റ്സിനായി നടത്തിയ A,B,C level പരീക്ഷകളിൽ കുട്ടികൾ പങ്കെടുത്തു വിജയിച്ചു. പത്താം ക്ലാസ്സിലെ കുട്ടികളുമായി ഒരു ഏകദിന സെമിനാർ നടത്തുകയുണ്ടായി

# *VIDYARANGAM*

നടുവട്ടം വി.എച്ച്.എസ്.എസ്സിലെ വിദ്യാരംഗം കലാ സാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ വിവിധ പ്രവർത്തനങ്ങൾ സ്ക്രൂൾ തലത്തിൽ നടത്തിവരുന്നുണ്ട്.




ജൂൺ 19 വായനദിനം ,ജൂലൈ 5 ബഷീർ അനുസ്മരണം ,നവംബർ 1 കേരളപ്പിറവി തുടങ്ങിയ ദിനാചരണങ്ങൾ കുട്ടികളുടെ വിവിധ പരിപാടികളോടെ നടത്തുന്നുണ്ട്.

2022 - 23 വർഷത്തിൽ വിദ്യാരംഗം ക്ലബിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കാൻ സാധിച്ചു. കുട്ടികളുടെ സാഹിത്യം, സംഗീതം, കലവാസനകൾ പരിപോഷിപ്പിക്കാൻ പ്രവർത്തിക്കാൻ പ്രവർത്തിക്കുന്ന വിദ്യാരംഗം ക്ലാസിൽ സ്ക്രൂളിലെ എല്ലാ കുട്ടികളും അംഗങ്ങളാണെന്നും വർഷത്തിൽ ഉടനീളം ഇതിന്റെ ഭാഗമായി പ്രവർത്തനങ്ങൾ നടത്താമെന്നും കുട്ടികൾക്ക് മനസ്സിലാക്കി കൊടുത്തു. ജൂൺ 19 വായനാ ദിനവുമായി ബന്ധപ്പെട്ട് വായനാ വാരാഘോഷം ജൂൺ 19-25 വരെ നടത്തി. വിദ്യാരംഗത്തത്തിന്റെ നേതൃത്വത്തിൽ നടന്ന അസംബ്ലിയിൽ കുട്ടികൾ പി. എൻ പണിക്കർ അനുസ്മരണം വായനാദിന ക്വിസ്സ് കവിതാലാപനം, നാടൻപാട്ട് എന്നിവ നടത്തി. കൂടാതെ നാടൻപാട്ട് മൽസരം, പ്രസംഗ മൽസരം, പോസ്റ്റർ രചന , ചിത്രരചന എന്നിവ സംഘടിപ്പിച്ചു. കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകിയുടെ 100ാം വാർഷികത്തിന്റ ഭാഗമായി നടന്ന സെമിനാറിൽ ഡോ.കെ.പി. വിജയലക്ഷമി മുഖ്യപ്രഭാഷണം നടത്തി. വായന മാസാചരണ സമാപന സമ്മേളനത്തിൽ ഡോ. സജിത്ത് ഏവൂരേത്ത് മുഖ്യപ്രഭാഷണം നടത്തി. ബഷീർ അനുസ്മരണവുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മാണം ക്വിസ്, ബഷീർ കഥാപാത്ര നിരൂപണം, ജീവചരിത്രകുറിപ്പ് തയാറാക്കൽ എന്നിവ നടത്തി. ബഷീർ അനുസ്മരണത്തിന്റെ ഭാഗമായി എഴുത്ത് പെട്ടി ,പുസ്തക പ്രദർശനം എന്നിവ ജൂലൈ2 ന് നമ്മുടെ സ്ക്രൂളിൽ വെച്ച് യുവജന സമാജം ലൈബ്രറിയുടെ നേതൃത്വത്തിൽ നടത്തി. കേരളപ്പിറവി ദിനത്തോട് അനുബന്ധിച്ച് നാടൻപാട്ട് നടത്തി. കഥാരചന , ഉപന്യാസരചന, കവിതാ രചന മൽസരങ്ങളിൽ വിജയിച്ച കുട്ടികൾ ഉപജില്ലാ തലത്തിൽ വിജയം കരസ്ഥമാക്കി. വിദ്യാരംഗം സാഹിത്യ വേദിയുടെ ഉപജില്ലാ തലത്തിൽ വിവിധ ഘട്ടങ്ങളിലായി നടന്ന മത്സരങ്ങളിൽ നമ്മുടെ കുട്ടികൾ പങ്കെടുക്കുകയും വിജയം കരസ്ഥമാക്കുകയും ചെയ്തു. കുമാരനാശാൻ ഭാഷാ സെമിനാറിൽ ലിഡ.എസ് മല്ലശ്ശേരി രണ്ടാം സ്ഥാനം കരസ്ഥമാക്കി. വാങ്മയ മത്സരത്തിൽ പങ്കെടുത്ത മാളവിക രമേശ് ,അനഘ എന്നിവർ വിജയം കരസ്ഥമാക്കി. വിദ്യാരംഗം കലാസാഹിത്യ വേദിയുടെ നേതൃത്വത്തിൽ ഉപജില്ലാ തലത്തിൽ നടത്തിയ എല്ലാ പരിപാടികളിലും നമ്മുടെ കുട്ടികളെ പങ്കെടുപ്പിച്ചു.









മലയാള
ദിനാഘോഷം
നടുവട്ടം വി എച്ച് എസ് എസ്
പള്ളിപ്പാട്


അറിവുത്സവം 2023
വിജയികൾ
രണ്ടാം സ്ഥാനം
10-C
മൂന്നാം സ്ഥാനം
കിരൺ. കെ
10-B
അഭിനന്ദനങ്ങൾ


കേരളീയം
NADUVATTOM VHSS



# *SOCIAL SCIENCE CLUB*

നടുവട്ടം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ സാമൂഹ്യ ശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ജൂലൈ 11 ലോക ജനസംഖ്യാ ദിനത്തോടനുബന്ധിച്ച് ഉപന്യാസരചന, ക്വിസ് മത്സരം. സെമിനാർ. തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നു.




ആഗസ്റ്റ് 6, 9, ഹിരോഷിമാ നാഗസാക്കി ദിനങ്ങളുടെ ഭാഗമായി സഡാക്കോ കൊക്ക് നിർമ്മാണം പോസ്റ്റർ നിർമ്മാണം, യുദ്ധ വിരുദ്ധ റാലി എന്നിവ സംഘടിപ്പിക്കാറുണ്ട്.

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് പ്രസംഗം, പതാക നിർമ്മാണം, തുടങ്ങിയ പരിപാടികൾ നടത്തുന്നു.

ഒക്ടോബർ 2 ഗാന്ധി ജയന്തി

ദേശഭക്തിഗാനാലാപനം, ഭജൻസ്, പ്രച്ഛന്ന വേഷം എന്നിവ നടത്തുന്നു.

ജനുവരി 26 റിപ്പബ്ലിക്ക് ദിനത്തോടനുബന്ധിച്ച് വിവിധ മത്സ പരിപാടികൾ സംഘടിപ്പിക്കുന്നു.

കൂടാതെ കുട്ടികളിലെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്.





ഉപജില്ലാ ജില്ലാ തല സാമൂഹ്യശാസ്ത്ര മേളകളിൽ .കുട്ടികളെ പങ്കെടുപ്പിക്കുകയും ചെയ്യുന്നു.

# *SCIENCE CLUB*



കുട്ടികളിൽ ശാസ്ത്രബോധവും ശാസ്ത്രാന്വേഷണാഭിമുഖ്യവും സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്കൂൾ സയൻസ് ക്ലബ്ബ് വിദ്യാലയത്തിൽ പ്രവർത്തിക്കുന്നത്. മാന്വൽ പ്രകാരം യു.പി, ഹൈസ്കൂൾ , വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം എന്നിവിടങ്ങളിലായി




പ്രത്യേകം ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. നിരവധി പ്രവർത്തനങ്ങൾ സയൻസ് ക്ലബ്ബുമായി ബന്ധപ്പെട്ട് നടന്നുവരുന്നു. ശാസ്ത്രപ്രഭാഷണങ്ങൾ, കുട്ടികളിൽ ശാസ്ത്രാഭിരുചിയുണർത്തുന്ന പരിപാടികൾ തുടങ്ങി നിരവധി പരിപാടികളാണ് സംഘടിപ്പിച്ചു വരുന്നത്.




ഓൺലൈൻ ശാസ്ത്ര ക്വിസ്സുകൾ പോലുള്ള പരിപാടികളും സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കാറുണ്ട്. ഇൻസ്പെയർ അവാർഡിന് അർഹരായ കുട്ടികളെ
തയ്യാ … റാക്കുന്നതിലും
സയ … ൻസ് ക്ലബ്ബ്
വേ … ണ്ട പിന്തുണ
നൽ … കിവരാറുണ്ട്.












# *MATHEMATICS CLUB*





2023-2024 ജില്ലാതല ഗണിതശാസ്ത്രമേളയിൽ ഗൗരി പ്രസാദ് 10 B (ശുദ്ധ ഗണിത നിർമ്മിതി) A ഗ്രേഡോടെ ഒന്നാം സ്ഥാനവും സംസ്ഥാന തലത്തിൽ A ഗ്രേഡും നേടി.

ഒക്ടോബറിൽ മുതുകുളം HSS ൽ വച്ച് നടന്ന ശാസ്ത്ര ഗണിത ശാസ്ത്ര സാമൂഹ്യ ശാസ്ത്ര പ്രവർത്തിപരിചയ ഐ





ടി മേളയിൽ ഗണിത ശാസ്ത്രം എച്ച് എസ് വിഭാഗത്തിൽ നടുവട്ടം വിഎച്ച് എസ് സ്കൂളിന് ഉജ്ജ്വല നേട്ടം.

ഗൗരി പ്രസാദ്(ശുദ്ധ ഗണിത നിർമ്മിതി) A ഗ്രേഡോടെ ഒന്നാം സ്ഥാനം .
സ്റ്റിൽ മോഡൽ വിഭാഗത്തിൽ വൈഷ്ണവ് 8B A ഗ്രേഡോടെ ഒന്നാം സ്ഥാനം.

അനഘ 9B ഗെയിം വിഭാഗത്തിൽ A ഗ്രേഡോടെ രണ്ടാം സ്ഥാനവും, സിംഗിൾ പ്രോജക്ട് വിഭാഗത്തിൽ ശ്രേയ 9B A ഗ്രേഡോടെ രണ്ടാം സ്ഥാനം.



ജ്യോമട്രിക്കൽ ചാർട്ട് വിഭാഗത്തിൽ ആഷർ സാം ജോർജ് 9B A ഗ്രേഡോടെ രണ്ടാം സ്ഥാനം.

മാളവിക (പ്രായോഗിക ഗണിത നിർമ്മിതി)യിൽ A ഗ്രേഡോടെ രണ്ടാം സ്ഥാനം.

അദർ ചാർട്ട് -അജയ് കാർത്തിക് 10C A ഗ്രേഡോടെ രണ്ടാം സ്ഥാനം.

ഇവർ ജില്ലാതല ശാസ്ത്രമേളയിൽ പങ്കെടുക്കാനുള്ള അർഹത നേടി.

പ്രിയങ്ക ആർ10B ,അനന്യ വിനോദ് 10C എന്നിവർ A ഗ്രേഡോടെ ഗ്രൂപ്പ് പ്രോജക്ട് മൂന്നാം സ്ഥാനവും നേടി.

UP വിഭാഗം നമ്പർ ചാർട്ടിൽ ഗോപിക ജി എൻ  A ഗ്രേഡും നേടുകയുണ്ടായി.

വിജയികൾക്ക് അഭിനന്ദനങ്ങൾ








അഭിനന്ദനങ്ങൾ
NADUVATTOM VHSS
PALLIPPAD
MATHEMATICS CLUB
H S LEVEL QUIZ
HARSHA V
AVANTHIKA NAIR

# ECO CLUB

## എക്കോ ക്ലബ്ബ് ഉദ്ഘാടനവും........പ്രകൃതി സംരക്ഷണ ദിനത്തിൽ നടത്തിയ പ്രവർത്തനങ്ങളും



2022 ജൂലായ് 19 ന് 10.30 am ന് പരിസ്ഥിതി ക്ലബ്ബിന്റെ ഉദ്ഘാടനം നടന്നു.
ശ്രീ . അശോകൻ മാഷ് (റിട്ടയേർഡ് ടെക്നിക്കൽ ഓഫീസർ-CPCRI) നിർവഹിച്ചു. പരിസ്ഥിതി ക്ലബ്ബിന്റെ പ്രാധാന്യത്തെ കുറിച്ചും എന്തെല്ലാം പ്രവർത്തനങ്ങൾ നമുക്ക് നടത്താം എന്നതിനെ കുറിച്ചുമുള്ള അവബോധം കുട്ടികൾക്ക് നൽകി.
സ്ക്കൂളിലെ 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ പങ്കാളിത്തം ഈ ക്ലബ്ബിൽ ഉണ്ടായിരുന്നു.
കർഷകദിനത്തിൽ സംയോജിത കൃഷിയുടെ പ്രയോക്താവും ജൈവ കർഷകനുമായ ശ്രീ. ആനന്ദൻ പിള്ള സാറിനെ സ്ക്കൂൾ ആഡിറ്റോറിയത്തിൽ വച്ച് ആദരിച്ചു. അദ്ദേഹം കുട്ടികൾക്ക് കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസ്സ് നൽകുകയുണ്ടായി.
ക്ലബ്ബ് പ്രവർത്തനത്തിന്റെ ഭാഗമായി കുട്ടികൾ പച്ചക്കറിത്തൈകൾ സ്ക്കൂൾ കോമ്പൗണ്ടിൽ നട്ടു. ലോക തണ്ണീർ തട ദിനമായ ഫെബ്രുവരി 2 ന് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഒരു പ്രഭാഷണം സംഘടിപ്പിക്കുകയുണ്ടായി. വിഷയം "ഒഴുകാം ഒരു  പുഴയായി" എന്നതായിരുന്നു. പ്രഭാഷകൻ , സോഷ്യൽ ഫെസിലിറ്റേറ്റർ ആയ ശ്രീ. ബിജു മാവേലിക്കര ആയിരുന്നു. തുടർന്ന്  ഒരു ക്വിസ് മത്സരവും സംഘടിപ്പിച്ചു

# ARTS CLUB









നമ്മുടെ സ്കൂളിൽ നിന്നും സബ്ജില്ലാ കലോത്സവത്തിന് സംഘഗാനം( HS ), ദേശഭക്തി ഗാനം (UP HS),ഗ്രൂപ്പ് ഡാൻസ് (UP ,HS) , ചെണ്ടമേളം (HS), യക്ഷഗാനം (HS) എന്നീ ഗ്രൂപ്പ് ഐറ്റങ്ങളും ഭരതനാട്യം, കുച്ചിപ്പൊടി, മോഹിനിയാട്ടം, കേരള നടനം, മോണോ ആക്ട് (UP, HS), ലളിതഗാനം , പദ്യപാരായണം ഹിന്ദി, ഇംഗ്ലീഷ് , മലയാളം, ശാസ്ത്രീയ സംഗീതം, ചിത്രരചന എന്നീ മത്സര ഇനങ്ങളിൽ കുട്ടികൾ മാറ്റുരച്ചു. സംസ്കൃത കലോത്സവത്തിൽ നമ്മുടെ കുട്ടികൾ സമ്മാനാർഹരായി, ഓവറോൾ മൂന്നാം സ്ഥാനം ലഭിച്ചു.

ജില്ലാതല മത്സരത്തിലേക്ക് കേരള നടനം (HS), മോണോ ആക്ട് (HS) ഗ്രൂപ്പ് ഡാൻസ് (HS) സംഘഗാനം (HS), മലയാളം പ്രസംഗം (UP) ശാസ്ത്രീയ സംഗീതം (HS), യക്ഷഗാനം (HS) എന്നിവ തിരഞ്ഞെടുക്കപ്പെട്ടു. ഇതിൽ യക്ഷഗാനം (HS) ഒന്നാം സ്ഥാനം നേടി സംസ്ഥാന തലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാന തലത്തിൽ യക്ഷഗാനത്തിന് A ഗ്രേഡ് നേടി.






# കലോൽസവ വിജയികൾ




മലയാളം കഥാരചന
സംസ്ഥാനതലം
എ ഗ്രേഡ്



HUSNA FATHIMA






















# ലഹരിവിരുദ്ധ ക്ലബ്ബ്



നടുവട്ടം വി.എച്ച്.എസ്സ്.എസ്സി ലെ ലഹരി വിരുദ്ധ ക്ലബ്ബ് 22/6/2022 ൽ പ്രവർത്തനം ആരംഭിച്ചു. 54 കുട്ടികൾ അംഗങ്ങളായി ഉണ്ടായിരുന്നു. ലഹരി വിരുദ്ധ ക്ലബ്ബിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ജൂൺ 26 ന് പരിസര ശുചീകരണം, പോസ്റ്റർ നിർമ്മാണം, ബോധവത്കരണ ക്ലാസ്സ്, സ്റ്റിക്കർ പതിപ്പിക്കൽ, പോസ്റ്റർ പ്രദർശനം ,പ്രതിജ്ഞ എന്നിവ നടത്തി . ഹൈസ്കൂൾ യു.പി വിഭാഗങ്ങൾക്ക് പ്രസംഗ മത്സരവും നടത്തി.

കാർത്തികപ്പള്ളി താലൂക്ക് വിമുക്തി കോർഡിനേറ്റർ ജി. ജയകൃഷ്ണൻ സാർ 27/6/ 22 ന് ബോധവത്ക്കരണ ക്ലാസ് നടത്തി. 19/7/22 ൽ ജനമൈത്രി പോലീസ് ഡ്രാമാ ടീം അവതരിപ്പിച്ച നാടകം "തീക്കളി"സ്കൂൾ ഓഡിറ്റോറിയത്തിൽ അരങ്ങേറി. കുട്ടികളിൽ വർദ്ധിച്ചു വരുന്ന മൊബൈൽ ഫോൺ അഡിക്ഷനും സോഷ്യൽമീഡിയ ദുരുപയോഗത്തിനും എതിരെയുള്ള ബോധവത്ക്കരണമാണ് ഈ നാടകത്തിന്റെ ഉദ്ദേശം. 26/6/2023 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് കൂടിയ പ്രത്യേക അസംബ്ലിയിൽ എല്ലാ കുട്ടികളും ലഹരി വിരുദ്ധ പ്രതിജ്ഞയെടുത്തു. ഹൈസ്കൂൾ,യു.പി വിഭാഗങ്ങളിൽ ലഹരി വിരുദ്ധ പോസ്റ്റർ നിർമ്മാണം, പ്രസംഗം, ഉപന്യാസരചന ഇവ നടത്തി. 5 മുതൽ 10 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കായി 'റേഡിയോ സയൻഷ്യ' തയാറാക്കിയ 'ജ്വാല' എന്ന ലഘു ബോധവത്കരണ വീഡിയോ പ്രദർശനം നടത്തി.

3/8/2023 ൽ മാതൃഭൂമി സീഡ് ക്ലബ്ബിന്റെയും ലഹരി വിരുദ്ധ ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ 7,8 ക്ലാസുകളിലെ കുട്ടികൾക്ക് "സദ്ഗമയ ശരിയിലേക്കുള്ള വഴി" എന്ന ബോധവത്ക്കരണ ക്ലാസ് കായംകുളം എക്സൈസ് പ്രിവന്റീവ് ഓഫീസറായ സി. സുനിൽകുമാർ സാർ നടത്തി.



# TEENS CLUB






" കൗമാരം കരുത്തും കരുതലും" എന്ന പേരിൽ കൗമാരക്കാർക്കുള്ള ഒരു പിന്തുണ പരിപാടി 2023 നവംബർ 14 ാം തീയതി 2.00 മണിക്ക് ഡോക്ടർ മുഹമ്മദ് റിഹാസ് MD യുടെ നേതൃത്വത്തിൽ നടപ്പാക്കി. ഒൻപതാം ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളും ഉൾപ്പെട്ട ഈ പരിപാടിയുടെ അവസാനം , കുട്ടികളുടെ സംശയങ്ങൾക്ക് പ്രഭാഷകൻ മറുപടി നൽകി.



# SANSKRIT CLUB






2023-24 വർഷത്തെ സംസ്കൃത അക്കാദമിക് കൗൺസിൽ യോഗം ജൂൺ മാസം 10 ന കൂടുകയുണ്ടായി. സ്കൂൾ ഹെഡ്മിസ്ട്രസ് ഇന്ദു ആർ ചന്ദ്രൻ ഉദ്ഘാടനം ചെയ്ത യോഗത്തിൽ 5,6,7 ക്ലാസ്സുകളിൽ സംസ്കൃതം പഠിക്കുന്ന എല്ലാ കുട്ടികളെയും അംഗങ്ങളാക്കി സംസ്കൃത ക്ലബ് രൂപീകരിച്ചു.സംസ്കൃത അധ്യാപിക മഞ്ജു വി കുമാർ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ക്ലബ്ബിൽ നിന്ന് 9 കുട്ടികളെ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളാക്കുകയും ചെയ്തു.






GROUP SONG

# *SPORTS CLUB*

## *TUG OF WAR*

ടഗ് ഓഫ് വാർ -ആലപ്പുഴ ജില്ലാ സബ് ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗം ടഗ് ഓഫ് വാർ ചാമ്പ്യൻഷിപ്പിൽ ഓവർഓൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കുകയും പതിമൂന്ന് കായികതാരങ്ങൾക്ക് സംസ്ഥാന ചാമ്പ്യൻഷിപ്പിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും സംസ്ഥാന ചാമ്പ്യൻഷിപ്പിലെ മികച്ച പ്രകടനത്താൽ നിസ്സി അന്ന സുജിത്ത് എന്ന വിദ്യാർത്ഥിനി ദേശീയ ചാമ്പ്യൻഷിപ്പിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും കേരളത്തിന് വേണ്ടി സ്വർണമെഡൽ നേടുകയും ചെയ്തു...






***NISSI ANNA SUJITH***



TUG OF WAR TEAM

# ***BOXING***

കേരള സംസ്ഥാന സ്കൂൾ ഗെയിംസിന്റെ ഭാഗമായി നടന്ന ആലപ്പുഴ ജില്ലാ ബോക്സിങ് ചാമ്പ്യൻഷിപ്പിൽ ബിലോ 66kg വിഭാഗത്തിൽ അഞ്ജന ബിജു എന്ന ബോക്സർ ഒന്നാം സ്ഥാനം നേടി.



***ANJANA BIJU***




## ക്രിക്കറ്റ്

# ***TENNIKOIT***



***DEVISREE***

കേരള സംസ്ഥാന സബ് ജൂനിയർ ടെന്നിക്കൊയിറ്റ് ചാമ്പ്യൻഷിപ്പിൽ ദേവിശ്രീ എന്ന കായിക താരം സിൽവർ മെഡൽ നേടി

# ***ATYA - PATYA***



**ആട്യ-പാട്യ : ആലപ്പുഴ ജില്ലാ സബ് ജൂനിയർ ആട്യ പാട്യ ചാമ്പ്യൻഷിപ്പിൽ ഫസ്റ്റ് റണ്ണർ അപ്പ് ആവുകയും ജില്ലാ ചാമ്പ്യൻഷിപ്പിലെ പ്രകടന മികവിൽ ഏഴ് കായികതാരങ്ങൾക്ക് തൃശൂരിൽ നടന്ന സംസ്ഥാന ചാമ്പ്യൻഷിപ്പിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും സംസ്ഥാന ചാമ്പ്യൻഷിപ്പിൽ ആലപ്പുഴജില്ലക്ക് വേണ്ടി മൂന്നാംസ്ഥാനം നേടാനും കഴിഞ്ഞു..**



ആട്യ പാട്യ

പരിശീലനം

# NET BALL



ആലപ്പുഴ ജില്ല സബ് ജൂനിയർ നെറ്റ് ബോൾ മിനി ചാമ്പ്യൻഷിപ്പിൽ സ്കൂൾ സെക്കൻഡ് റണ്ണറപ്പായി ..



കേരള സംസ്ഥാന തല സബ്ജൂനിയർ, ജൂനിയർ നെറ്റ് ബോൾ ചാമ്പ്യൻഷിപ്പിലേക്ക് നാല് കായികതാരങ്ങൾ സ്കൂളിൽനിന്ന് തെരഞ്ഞെടുക്കപ്പെടുകയും ജില്ലക്ക് വേണ്ടി മെഡൽ നേടുകയും ചെയ്തു



നെറ്റ് ബോൾ - ആലപ്പുഴ ജില്ലാ നെറ്റ് ബോൾ ചാമ്പ്യൻഷിപ്പിൽ നാലാം സ്ഥാനം നേടി..ജില്ലാ ചാമ്പ്യൻഷിപ്പിലെ പ്രകടനമികവിൽ മൂന്നു കുട്ടികൾ കാസറഗോഡ് നടക്കുന്ന സംസ്ഥാന ചാമ്പ്യൻഷിപ്പിൽ ആലപ്പുഴ ജില്ലക്ക് വേണ്ടി പങ്കെടുക്കാൻ തിരഞ്ഞെടുക്കപ്പെട്ടു..

## സബ്ജൂനിയർ മിനി നെറ്റ് ചാമ്പ്യൻഷിപ്പിൽ സെക്കൻഡ് റണ്ണറപ്പ് ആയ സ്കൂൾ ടീം

**ഫുട്ബോൾ** - ഹരിപ്പാട് ഉപജില്ലാ ജൂനിയർ ഫുട്ബോൾ ഗയിംസിൽ മൂന്നാം സ്ഥാനം നേട്ടകയും രണ്ട് കായികതാരങ്ങൾക്ക് ആലപ്പുഴ റവന്യൂ ജില്ലാ ഫുട്ബാൾ മത്സരത്തിലേക്ക് സെലക്ഷൻ ലഭിക്കുകയും ചെയ്തു..



ചാമ്പ്യൻഷിപ്പുകൾക്കായിട്ടുള്ള അത്ലറ്റിക്സ്, ബോക്സിങ്, ടെന്നിക്കൊയിറ്റ്, ബേസ്ബോൾ,കബഡി, ക്രിക്കറ്റ് തുടങ്ങിയ കായിക ഇനങ്ങളുടെ പരിശീലനവും സ്കൂൾ മൈതാനത്ത് നടന്നു വരുന്നു.കൂടാതെ ഈ വർഷത്തെ അവസാന ഇനമായ ബേസ് ബോൾ ചാമ്പ്യൻഷിപ്പിനുള്ള സ്കൂൾ ടീം പരിശീലനം നടത്തി വരുന്നു.

# ശൂന്യതയിലേക്ക്



HUSNA FATHIMA
+1 sCIENCE(ORG)

ബസ്സിന്റെ ജനലരികളിലൂടെ  അയാൾ പുറത്തേക്കു നോക്കിയിരുന്നു കാറ്റിന്റെ ശക്തിയിൽ ആവാം അയാളുടെ മുടി പാറി പറക്കുന്നുണ്ട് സമയം രാത്രി ആയതിനാൽ ബസ്സിലെ അധികം യാത്രക്കാരും സുഖനിദ്രയിലാണ് കുറച്ചുപേർ മൊബൈലിലും മറ്റുമാണ് ചുരുക്കിപ്പറഞ്ഞാൽ എല്ലാവരും അവരുടെതായ ലോകത്താണ് അയാളും അയാളുടെ ലോകത്താണ് തൻറെ ജീവിതലോകത്ത് .ബസ്സ് വേഗത്തിൽ ഓരോ വഴി താണ്ടി മുന്നോട്ടു പോകുമ്പോൾ ,അയാളുടെ ചിന്തകൾ അറിയാതെ തന്നെ പിന്നിലേക്ക് പോയി .ആദ്യം മനസ്സിലേക്ക് വന്ന മുഖം കുഞ്ഞരി പല്ലു കാട്ടിച്ചിരിക്കുന്ന കുഞ്ഞിൻറെ മുഖമാണ് അതേ തൻറെ മകൻ ബിജുവിന്റെ മുഖമാണ് .  ശ്രീ നിലയം തറവാട്ടിലെ ഏക  ആൺതരിയായ തൻറെ മകൻ .എല്ലാവരുടെയും സ്നേഹപരിലാളനങ്ങൾ ഏറ്റാണ് അവൻ വളർന്നത് .അവൻ വളരുംതോറും അവനെക്കുറിച്ചുള്ള തൻറെ പ്രതീക്ഷകളും അവനോടൊപ്പം വളർന്നു .വക്കീൽ ഗുമസ്തനായിരുന്ന തനിക്ക് അവനെ ഒരു നല്ല വക്കീലാക്കാൻ അതിയായി ആഗ്രഹിച്ചു .അവനെ ഏറ്റവും നല്ല വിദ്യാഭ്യാസം നൽകണമെന്ന് തനിക്ക് നിർബന്ധമായിരുന്നു .അതിന് ഏറ്റവും നല്ല സ്കൂളിൽ വിട്ട് അവനെ പഠിപ്പിച്ചു .തറവാട് പണയപ്പെടുത്തി അവനെ തുടർ പഠനത്തിനായി അയച്ചു.അങ്ങനെ പോകുമ്പോഴാണ് ഒരുനാൾ ഞങ്ങളുടെ കുടുംബത്തിലേക്ക് ക്ഷണിക്കപ്പെടാതെ ഒരു അതിഥി വരുന്നത് .ഭാര്യ കിടക്കൈടെ വരാറുള്ള ശ്വാസതടസ്സം ഒരു അർബുദം  തീരും എന്ന് ഞങ്ങൾ സ്വപ്നത്തിൽ പോലും വിചാരിച്ചില്ല .അത് തനിക്ക് മാനസികമായ ഒരുപാട് ആഘാതം ഉണ്ടാക്കി .പതിയെ തൻറെ ദിവസങ്ങൾ പലതും ആശുപത്രി വരാന്തയിലെ ഉറക്കമില്ലാത്ത ദിനങ്ങൾ ആയി .ദിനങ്ങൾ കഴിയുംതോറും മരുന്നു മണമുള്ള മുറിക്കുള്ളിൽ അവൾ ജീവനവേണ്ടി മല്ലിട്ടു കൊണ്ടിരുന്നു .ഒടുവിൽ ഒരു രാത്രി അവൾ വേദനകൾ ഇല്ലാത്ത ലോകത്തേക്ക് പോയി.അതിൽനിന്നു വിമുക്തനാകുമ്പോഴേക്കും മകനിൽ ചില മാറ്റങ്ങൾ കണ്ടു തുടങ്ങി .വൈകി വീട്ടിലെത്തുക അടക്കിപ്പിടിച്ച ഫോൺ വിളികൾ അങ്ങനെ പലതും ,അതെ  തുടർന്ന് എനിക്ക് ചില സംശയങ്ങൾ മുട്ടിട്ടെങ്കിലും ഞാൻ അതു അവനോട് അത് അവനോട്  പങ്കുവെച്ചില്ല . ഒരു ദിനം ഉച്ചമയക്കത്തിലായിരുന്ന   താൻ ഉണർന്നത് കതകിലുള്ള തുടരെയുള്ള മുട്ടുകേട്ടാണ് ,അയൽവാസി പറയുന്നത് കേട്ട് ഒരു നിമിഷം താൻ സ്തംഭിച്ചു പോയി .വേഗം ആശുപത്രി പടികൾ കടന്നു ചെല്ലുമ്പോൾ താൻ കണ്ടു ചില്ലു ജാലകത്തിനപ്പുറം വയറുകൾക്കിടയിൽ  തൻറെ മകൻ .പതിയെ അടുത്തുള്ള കസേരയിൽ ഇരുന്നു അടുത്തൊരു കാൽ പെരുമാറ്റം കേട്ടതും തലയുയർത്തി  നോക്കിയപ്പോൾ ഡോക്ടർ ആയിരുന്നു.ചുമലിൽ തട്ടി 'ക്ഷമിക്കണം' എന്ന് പറഞ്ഞപ്പോൾ ഒരു നിമിഷംകീഴ്മേൽ  ഭൂമി മറിഞ്ഞിരുന്നെങ്കിൽ എന്ന് താൻ   അതിയായി ആഗ്രഹിച്ചുപോയി .മരണാനന്തര ചടങ്ങുകൾ എല്ലാം പാവ കണക്ക് യാന്ത്രികമായി ചെയ്തു .ചടങ്ങുകളിൽ എപ്പോഴോ ബന്ധുക്കൾ പറയുന്നത് കേട്ടു മദ്യലഹരിയിലാണ് അവൻ അപകടത്തിൽപ്പെട്ടതെന്ന് .എന്തോ എനിക്ക് അതൊന്നും കേൾക്കാനുള്ള മാനസിക അവസ്ഥ ഉണ്ടായിരുന്നില്ല .ഞാൻ എന്റേത് മാത്രമായ വേറെ ഏതോ ലോകത്ത് ആയിരുന്നു .ചടങ്ങുകൾക്കൊടുവിൽ ബന്ധുക്കളെല്ലാം വീട് വിട്ടു പോയപ്പോൾ ആ വീടിനുള്ളിൽ ഞാൻ ഒറ്റയ്ക്കായി .അങ്ങനെ വീടിൻറെ ഒരു മൂലയിൽ ഒറ്റയ്ക്ക് ഇരിക്കുമ്പോൾ എടുത്ത തീരുമാനത്തിന്റെ പുറത്താണ് ഈ യാത്ര. എവിടേക്ക് എന്നോ എന്തിനെന്നോ അറിയാത്ത യാത്ര !ചിന്തകൾക്കൊടുവിൽ ഒരു തുള്ളി കണ്ണുനീർ അയാളുടെ  കവിളിലൂടെ ഒളിച്ചിറങ്ങി ചിന്നിച്ചിതറി .ബസ് തൻറെ ലക്ഷ്യസ്ഥാനത്ത് എത്താറായി എന്ന് തോന്നുന്നു .ജനാലയിലൂടെ അയാൾ മെല്ലെ ആകാശത്തേക്ക് നോക്കി .മേലെ ആകാശത്ത് രണ്ട്  നക്ഷത്രങ്ങൾ തിളങ്ങുന്നതായി അയാൾക്ക് തോന്നി .!

ശുഭം

# കുടുംബം



Diya Marium Varkey
8B

കുടുംബമാം സുന്ദര മുന്തിരിത്തോപ്പിലെ
നാഥനും  നാഥയും ഒന്നിച്ച് ചേലോടു ചേരുന്ന
ശ്രീപാദ കേദാരമല്ലോ കുടുംബം

കേവലം ഒരു ചെറു കണമാം
കുടുംബത്തിൽ നിന്ന് നിർഗ്ഗമിക്കും മലർ ഗന്ധങ്ങൾ
പ്രപഞ്ചമാകെയും പരിമളമേകുവാൻ
പര്യാപ്തമാണെന്ന് ഓർക്കുക നാം

നാളത്തെ നാടിന്റെ ശില്പിയാം മക്കൾക്ക്
നന്മകൾ ചൊല്ലിക്കൊടുക്കുന്നൊരു സർവോത്ത
മാം ആലയമല്ലോ ഈ കുടുംബം
കുടുംബം സകുടുംബം അബരതുല്യമാമീ ഗേഹം
മറ്റൊന്നിൻ പകരമാവില്ല ഈ ഭൂമിയിൽ നിശ്ചയം
ഒത്തൊരുമയോടെ പ്രകാശം ചൊരിയുന്ന
പ്രപഞ്ച ശില്പമാണീകുടുംബം
നന്മകൾ മാത്രം നിലനിന്നീടുകിൽ ഈശ്വര
ചൈതന്യം ഉൾക്കൊള്ളും ഗേഹം





ABEL THAMPY BABY 8D





EMMANUVEL 7A







ARJUN AJAY 6D

# "വിത്തമെന്തിന്നമർത്ത്യന്ന
# വിദ്യ കൈവശമാവുകിൽ"















# പഠനയാത്ര







# P T A MEETING




നടുവട്ടം വി.എച്ച്.എസ്.എസ്., പള്ളിപ്പാട്
2024–25 വർഷത്തേക്കുള്ള
അഡ്മിഷൻ തുടരുന്നു
Class V - XII
തികഞ്ഞ അച്ചടക്കം
SSLC ക്ക് 100% വിജയം
NCC യൂണിറ്റ് (Boy/Girl)
NSS, Junior Redcross & Little Kites
സംസ്ഥാന കലോത്സവത്തിന് പ്രത്യേക പരിശീലനം
ദേശീയ – സംസ്ഥാന കായിക ഇനങ്ങൾക്ക് ചിട്ടയായ പരിശീലനം
അക്കാദമിക്തല വിജയികൾ
കലാ – കായിക പ്രതിഭകൾ
കുറഞ്ഞ ഫീസ് നിരക്കിൽ സംഗീതം, ചിത്രരചന, കരാട്ടെ പരിശീലനം
എല്ലാ സ്ഥലങ്ങളിലേക്കും വാഹന സൗകര്യം
PH : 9495012252, 9400607965